Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

STATE POLICE MEDIA CENTRE

KERALA POLICE

No.384/PR/SPMC/PHQ/2025 Date: 12.11.2025

# എസ്.പി.സി ക്വിസ്: തിരുവനന്തപുരം റൂറൽ ഓവറോൾ ജേതാക്കൾ

സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം തൈക്കാട് പോലീസ് ട്രെയിനിങ് കോളേജിൽ സംഘടിപ്പിച്ച സംസ്ഥാനതല ക്വിസ് പ്രോഗ്രാമായ 'വിസ്കിഡ് ചാമ്പ്യൻഷിപ്പ് 2025-26' ൽ തിരുവനന്തപുരം റൂറൽ ഓവറോൾ ചാമ്പ്യന്മാരായി. ഹയർസെക്കന്ററി വിഭാഗത്തിലും ഹൈസ്കൂൾ വിഭാഗത്തിലും തിരുവനന്തപുരം റൂറലിൽ നിന്നുള്ള വിദ്യാർത്ഥികൾ ഒന്നാമതെത്തി.

ഹയർ സെക്കന്ററി വിഭാഗത്തിൽ തിരുവനന്തപുരം റൂറൽ എൻ.എസ്.എസ് എച്ച്.എസ്.എസ് മടവൂരിൽ നിന്നുള്ള അനന്യ പി എസ്, ആദിദേവ് പി എസ്, നവനീത് കൃഷ്ണ യു എസ് എന്നിവരടങ്ങിയ ടീമിനാണ് ഒന്നാം സ്ഥാനം.

ഹൈസ്കൂൾ വിഭാഗത്തിൽ തിരുവനന്തപുരം റൂറലിലെ തോന്നയ്ക്കൽ ജി.എച്ച്.എസ്.എസിൽ നിന്നുള്ള കൃഷ്ണേന്ദു എ, ചേതൻ എസ്, ശിഖ ആർ സതീഷ് എന്നിവരടങ്ങിയ ടീമാണ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്.

ഹയർ സെക്കന്ററി വിഭാഗത്തിൽ രണ്ടാം സ്ഥാനം കൊല്ലം സിറ്റിക്കാണ്. ജി.എച്ച്.എസ്.എസ് അയ്യൻ കോയിക്കലിൽ നിന്നുള്ള ഹീര എസ്, റ്റി. സൂര്യനാഥ്, അഭിനവ് അജയ് എന്നിവരടങ്ങിയ ടീമാണ് രണ്ടാം സ്ഥാനം നേടിയത്. കാസർഗോഡ് ജില്ലക്കാണ് മൂന്നാം സ്ഥാനം. ചീമേനി ജി.എച്ച്.എസ്.എസിൽ നിന്നുള്ള ശിവദ എസ് പ്രജിത്, ആരഭി വി, ശിവാഞ്ജന എന്നിവർ അടങ്ങിയ ടീമാണ് വിജയികളായത്.

ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടാം സ്ഥാനം കോട്ടയം ബ്രഹ്മമംഗലം എച്ച്.എസ്.എസ് & വി.എച്ച്.എസ്.എസിൽ നിന്നുള്ള ആദിനാരായണൻ റ്റി കെ, നിഹാല ആഷിം, ജുന്ന ബൈജു എന്നിവരടങ്ങിയ ടീമിനാണ്. മൂന്നാം സ്ഥാനം കര

സ്ഥമാക്കിയത് കോഴിക്കോട് സിറ്റി സെന്റ് ജോസഫ് ബോയ്സ് എച്ച്.എസ്.എസിൽ നിന്നുള്ള ഹരിനന്ദ് എം, ദിൽകൃഷ്ണ കെ, സാന്ധ്യരാഗ് വൈ എം എന്നിവരടങ്ങിയ ടീമാണ്.

വിഖ്യാത ക്വിസ് മാസ്റ്റർ സ്നേഹജ് ശ്രീനിവാസനാണ് ക്വിസ് മത്സരങ്ങൾ നിയന്ത്രിച്ചത്. ആനുകാലിക വിവരങ്ങൾ, ഇന്ത്യ ചരിത്രം, സംസ്കാരം, ശാസ്ത്രസാങ്കേതികം എന്നിവയെ അപഗ്രഥിച്ചാണ് മത്സരങ്ങൾ നടത്തിയത്.

സമാപന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ മത്സരവിജയികൾക്ക് ക്യാഷ് അവാർഡും ട്രോഫികളും വിതരണം ചെയ്തു. സംസ്ഥാന ഇന്റലിജൻസ് വിഭാഗം എ.ഡി.ജി.പി പി. വിജയൻ, പരിശീലന വിഭാഗം ഐ.ജി. ഗുഗുലോത്ത് ലക്ഷ്മൺ, തിരുവനന്തപുരം റെയ്ഞ്ച് ഡി.ഐ.ജിയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറുമായ അജീത ബീഗം, റെയിൽവേ പോലീസ് എസ്.പി ഷഹൻഷാ, പോലീസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പളും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ അഡീഷണൽ നോഡൽ ഓഫീസറുമായ ജയശങ്കർ .ആർ, ക്വിസ് മാസ്റ്റർ സ്നേഹജ് ശ്രീനിവാസ്, മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, എസ്.പി.സി കേഡറ്റുകളുടെ രക്ഷിതാക്കൾ എന്നിവർ പങ്കെടുത്തു.

രാവിലെ പരിപാടിയുടെ ഉദ്ഘാടനം വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറും ഡിജിപിയുമായ മനോജ് എബ്രഹാം നിർവ്വഹിച്ചു. പരിശീലന വിഭാഗം ഐ.ജി. ഗുഗുലോത്ത് ലക്ഷ്മൺ, തിരുവനന്തപുരം റെയ്ഞ്ച് ഡി.ഐ.ജിയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറുമായ അജീത ബീഗം, പോലീസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പളും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ അഡീഷണൽ നോഡൽ ഓഫീസറുമായ ജയശങ്കർ .ആർ, മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

*******************************